**തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
(അവതരണം : റെജീന പി എം)

നം.ഡിഐസി/14448/2018–ഇബി1 തീയതി : 17.09.2018

വിഷയം :- വ്യവസായ വകുപ്പ് – ജീവനക്കാര്യം – സബോർഡിനേറ്റ് സർവ്വീസിലുൾപ്പെടെയുള്ള താഴ്ന്ന തസ്തികയിലെ ജീവനക്കാർക്ക് ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലെ 10% ഒഴിവിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സ.ഉ.(എം.എസ്.)നം.21/2011/ഉ.ഭ.പ.വ തീയതി 01.07.2011
2. സ.ഉ.(എം.എസ്.)നം.39/2011/ഉ.ഭ.പ.വ തീയതി 23.12.2011
3. സ.ഉ.(പി)നം.01/2014/ഉ.ഭ.പ.വ തീയതി 03.01.2014
4. സ.ഉ.(പി)നം.21/2014/ഉ.ഭ.പ.വ തീയതി 19.07.2014
5. ഈ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 25.02.2016, 04.03.2016 എന്നീ തീയതിയിലെ ഇബി1/23978/14 നമ്പർ നടപടിക്രമം
6. ക്ലാസ്സ് – IV ജീവനക്കാരുടെ 01.01.1982 മുതൽ 31.12.2012 വരെയുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റ്.

പരാമർശം (1) മുതൽ (4) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ സർക്കാർ വകുപ്പുകളില ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന 10% ഒഴിവുകളിലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന തസ്തികയിലെ ജീവനക്കാർ ഉൾപ്പടെ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന അനുവദിച്ചിട്ടുള്ള നിലവിലെ തസ്തിക മാറ്റത്തിന് പുറമേ യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ അതാത് വകുപ്പിലെ ടി ജീവനക്കാർക്ക് അതാത് വകുപ്പിൽ ഉണ്ടാകുന്ന ടി തസ്തികയിലെ 10% ഒഴിവുകളിൽ കൂടി തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം അനുവദനീയമാണ്.

ജില്ലാ അടിസ്ഥാനത്തിൽ ടൈപ്പിസ്റ്റ് തസ്തികയിൽ 10% നിശ്ചയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പരാമർശം (3), (4) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിലെ സംസ്ഥാനതല കേഡർ സ്ട്രെങ്ങ്ത് കണക്കാക്കി ആയതിന്റെ 10% തസ്തികകൾ, തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം നൽകിക്കൊണ്ട് നിയമനം നൽകാവുന്നതാണ്. ഈ ആസ്ഥാന ഒഴിവുകളിൽ പരാമർശം (1) പ്രകാരം യോഗ്യതയുള്ള സബോർഡിനേറ്റ് സർവ്വീസിലുൾപ്പടെയുള്ള താഴ്ന്ന തസ്തികകയിൽപ്പെട്ട രണ്ട് ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. പരാമർശം (5) പ്രകാരം താഴ്ന്ന തസ്തികയിൽ നിന്നും എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് നിയമനം ലഭിച്ച ശ്രീ.ഷിബു സി , ശ്രീമതി.ഷീജ പി.എച്ച് എന്നിവർക്ക് അവരുടെ അടുത്ത പ്രൊമോഷൻ തസ്തികയായ യൂ ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയുണ്ടായി. തൻമൂലം തസ്തികമാറ്റം വഴി നികത്തപ്പെടേണ്ട രണ്ട് ഒഴിവുകൾ എൽ ഡി ടൈപ്പിസ്റ്റ് കേഡറിൽ വന്നിട്ടുണ്ട്. പരാമർശം (6 ) പ്രകാരം തസ്തികമാറ്റം വഴി ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കാൻ യോഗ്യതയുള്ള അർഹരായ രണ്ട് പേർ പ്രസ്തുത ലിസ്റ്റിൽ ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.മേരി റാണി.എൻ, ശ്രീമതി.രജനി.എ.ഡി. എന്നിവർക്ക് തസ്തികമാറ്റംവഴി സ്ഥാനക്കയറ്റം നൽകാവുന്നതാണ്.

## ഉത്തരവ്

മേൽ സാഹചര്യത്തിൽ വ്യവസായ വാണിജ്യ വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥനെ യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും, ഒഴിവിന്റെയും അടിസ്ഥാനത്തിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ 19000-43600/-രൂപ ശമ്പള നിരക്കിൽ തസ്തികമാറ്റം മുഖേന നിയമനം നൽകി ഉത്തരവാകുന്നു.

| സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | പേരും ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസും | തസ്തികമാറ്റം നൽകി നിയമിക്കപ്പെടുന്ന ഓഫീസ് |
|---|---|---|
| 75 | **ശ്രീമതി.മേരിറാണി.എൻ.**<br>ഓഫീസ് അറ്റൻഡന്റ്<br>കയർ വികസന ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം | കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്<br>തിരുവനന്തപുരം. |

| | | |
|---|---|---|
| 103 | **ശ്രീമതി.രജനി.എ.ഡി.**<br>ഓഫീസ് അറ്റൻഡന്റ്<br>ജില്ലാ വ്യവസായ കേന്ദ്രം,<br>എറണാകുളം. | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം |

തസ്തികമാറ്റം മുഖേന നിയമനം നേടിയ ഉദ്യോഗസ്ഥൻ ജോലിയിൽ പ്രവേശിക്കുന്നതിന് ടി ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥന് മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മുന്നറിയിപ്പ് കൂടാതെ സീനിയോറിറ്റി ലിസ്റ്റിലെ യോഗ്യതയുള്ള അടുത്ത ഉദ്യോഗസ്ഥന് നിയമനം നൽകുന്നതായിരിക്കും. ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ മൂന്ന വർഷത്തെ തുടർച്ചയായ സേവനത്തിൽ രണ്ടു വർഷം പ്രൊബേഷനിലായിരിക്കും. ടി നിയമനം സർക്കാരിൽ നിന്നും ലഭിക്കുന്ന സ്പഷ്ടീകരണത്തിന് വിധേയമായി നിയമനാധികാരി പുനഃപരിശോധിക്കുന്നതായിരിക്കും. ടി തസ്തികയിൽ നിർദ്ദിഷ്ട തീയതിക്കുള്ളിൽ റിലിങ്കിഷ് ചെയ്യാനുള്ള അവകാശവും ഉദ്യോഗസ്ഥർക്ക് ഉണ്ടായിരിക്കുന്നതാണ്.

തസ്തികമാറ്റം മുഖേന ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റും, നിലവിലെ നിയന്ത്രണാധികാരിയുടെ പരിധിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുമ്പും, പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പും ടിയാൾ പരാമർശം (3) പ്രകാരം യോഗ്യത നേടിയിട്ടുണ്ടോ എന്ന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ്/-
റെജീന പി എം
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ് :-

1. **ശ്രീമതി.മേരിറാണി.എൻ.,**
ഓഫീസ് അറ്റൻഡന്റ്, കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം.

2. **ശ്രീമതി.രജനി.എ.ഡി.**
ഓഫീസ് അറ്റൻഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം.

പകർപ്പ് :-

1. ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. ഡയറക്ടർ, കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
3. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം.
4. ഇ.ഇ.സെക്ഷൻ/ഐ.ടി.സെക്ഷൻ/അക്കൗണ്ട്സ് സെക്ഷൻ/സ്പാർക്ക്

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്